# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5844 — 28/03/2018-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം' ആരോഗ്യ പദ്ധതിയ്ക്കായി ലോകാരോഗ്യ സംഘടന നൽകുന്ന സഹായം എന്തെല്ലാമാണ്; | എ) | ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം' ആരോഗ്യം പദ്ധതി സംസ്ഥാനം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ്. ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വികേന്ദ്രീകൃതമായ ഒരു പദ്ധതി നടപ്പിലാക്കിയ സംസ്ഥാന ആരോഗ്യ വകുപ്പിന്, പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും രാജ്യത്തിനാകെ ഒരു മാതൃകയാക്കുന്നതിനുള്ള സാങ്കേതിക സഹായം ചെയ്യുന്നതിനുള്ള സന്നദ്ധത ലോകാരോഗ്യ സംഘടന അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് പ്രമേഹത്തിനും രക്താദിസമ്മർദ്ദത്തിനും ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ WHO സാങ്കേതിക സഹായം നൽകുന്നുണ്ട്. എന്നാൽ സാമ്പത്തികമായ ഒരു സഹകരണവും WHO യിൽ നിന്ന് ഇതിനായി ലഭിച്ചിട്ടില്ല. |
| ബി) | വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന ലീപ് (Life Style Education and Awareness programme) എന്ന പദ്ധതി കാര്യക്ഷമമാണോ; അല്ലെങ്കിൽ പദ്ധതി കാര്യക്ഷമമായി നിർവഹിച്ച് ഭാവി തലമുറയെ ജീവിതശൈലീ രോഗങ്ങളിൽ നിന്നും മുക്തമാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ? | ബി) | വിദ്യാർത്ഥികളുടെ ജീവിതശൈലി രോഗനിർണ്ണയത്തിനും, ആരോഗ്യ ബോധവൽക്കരണത്തിനും കുട്ടികളിൽ ആരോഗ്യപരമായ ഭക്ഷണരീതി വളർത്തുന്നതിനും, വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനും, ലഹരി ഉപയോഗത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് ലീപ്പ് (Life Style Education and Awareness) ഇപ്പോൾ ഈ പദ്ധതി സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ നടത്തി വരികയും ചെയ്യുന്നുണ്ട്. ഭാവിതലമുറയെ ജീവിതശൈലീ രോഗത്തിന്റെ പിടിയിൽ നിന്നും വിമുക്തമാക്കുന്നതിന് ഏറെ സഹായകമായ ഈ പദ്ധതി, സ്കൂൾ ആരോഗ്യ പദ്ധതിയിലൂടെ ശാക്തികരിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ